**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2455** **24-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷാമബത്ത കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എത്ര ഗഡു ക്ഷാമബത്ത കുടിശിക നിലവിലുണ്ട്; കുടിശിക കൊടുത്ത് തീർക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ക്ഷാമബത്ത കുടിശ്ശിക കണക്കാക്കിയിട്ടില്ല. |
| (ബി) | 2024 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ച 2% ക്ഷാമബത്തയിൽ കുടിശിക അനുവദിക്കാതിരുന്നത് എന്ത് കൊണ്ടാണ്; പ്രസ്തുത കുടിശിക നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | **സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും അർഹതപ്പെട്ട ക്ഷാമബത്തയും അതിന്റെ കുടിശ്ശികയും അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.** |
| (സി) | സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ജുഡീഷ്യൽ ഉദ്യോഗസ്ഥർ എന്നിവർക്ക് കുടിശിക ഇല്ലാതെ ക്ഷാമബത്ത നൽകുന്നത് ജീവനക്കാരെ രണ്ടായി തരം തിരിക്കുവാൻ ലക്ഷ്യമിട്ടാണോ? | (സി) | **അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്രസർക്കാർ ക്ഷാമബത്ത അനുവദിക്കുന്ന മുറയ്ക്ക് അത് ലഭിക്കാൻ അർഹതയുണ്ട്. സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തരവില്ലാതെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മൊറാണ്ടം പുറപ്പെടുവിക്കുന്നതിനനുസരിച്ചാണ് ക്ഷാമബത്ത ലഭിച്ചുകൊണ്ടിരുന്നത്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെയും സർക്കാർ ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായിട്ടാണ് ഓഫീസ് മെമ്മൊറാണ്ടം പുറപ്പെടുവിക്കുന്നതിനനുസൃതമായി കുടിശ്ശികയില്ലാതെ ക്ഷാമബത്ത അനുവദിക്കുന്നത്. രണ്ടാം ദേശീയ ജുഡീഷ്യൽ ശമ്പള കമ്മീഷന്റെ ശിപാർശകൾ അംഗീകരിച്ചുകൊണ്ടുള്ള WP(C)643/2015-ലെ ബഹു. സുപ്രീം കോടതിയുടെ 19.05.2023-ലെ ഉത്തരവ് പ്രകാരം സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് മൂന്ന് മാസത്തിനുള്ളിൽ ക്ഷാമബത്ത അനുവദിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്** |

| | | | |
|---|---|---|---|
| | | | **വിഭാഗത്തിലെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ, ജുഡീഷ്യൽ ഉദ്യോഗസ്ഥർ എന്നിവർക്ക് കുടിശ്ശികയില്ലാതെ ക്ഷാമബത്ത അനുവദിച്ചുവരുന്നത്.** |

സെക്ഷൻ ഓഫീസർ